**ശ്രദ്ധക്ഷണിക്കൽ**

എയ്ഡഡ് സ്കൂളുകളിലെ സ്ഥിരം അദ്ധ്യാപക നിയമനം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്കൂളുകൾപോലെ തുല്യപ്രാധാന്യത്തോടെ സർക്കാർ കണക്കാക്കുന്നതും സേവന മനോഭാവത്തിൽ പരിഗണനാർഹമായ പ്രവർത്തനം നടത്തുന്നതുമാണ് ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾ. പ്രസ്തുത സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിൽ കഴിഞ്ഞ ഏതാനും വർഷത്തിലധികമായി തടസ്സങ്ങൾ അനുഭവപ്പെടുകയാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. (......ബഹളം.......)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്....... ശ്രീ. ടി. ജെ. വിനോദ്, ഇങ്ങനെ മുഖം മറയ്ക്കുന്ന രീതിയിൽ പിടിക്കരുത്. ഇതൊക്കെ എറണാകുളത്തെ ജനങ്ങൾ കാണുന്നുണ്ടെന്നുള്ള ബോധ്യമുണ്ടായാൽ മതി. ശ്രീ. സി. ആർ.

മഹേഷ്, ഇത് കരുനാഗപ്പള്ളിയിലെ ജനങ്ങൾ കാണുന്നുണ്ട്. ശ്രീ. റോജി എം. ജോൺ, ഇതൊക്കെ അങ്കമാലിയിലെ ജനങ്ങൾ കാണുന്നുണ്ട്. പ്ലീസ്......പ്ലീസ്.......(......ബഹളം.......) നിങ്ങൾക്കുതന്നെയാണ് മോശം. നിങ്ങൾ സഹകരിക്കണം. പ്ലീസ്......പ്ലീസ്...... നിങ്ങൾ സീറ്റുകളിൽ പോയി ഇരിക്കണം. ശ്രീ. സനീഷ്കുമാർ ജോസഫ്, ഇതൊക്കെ ചാലക്കുടിയിലെ ആളുകൾ കാണുന്നുണ്ട്. ഇനിയും ഇവിടെ വരേണ്ടതാണ്. പതിനാറാമത്തെ നിയമസഭയിലും ഇവിടെ വരേണ്ടതാണ്. വെറുതെ ഇമേജ് മോശമാക്കണ്ട. xxxxxxxxxxxxxxxx+ (......ബഹളം.......) ഇതൊക്കെ ജനങ്ങൾ കാണുന്നുണ്ട്. xxxxxxxxxxxxxxxxxxxxx+

ഡോ. എൻ. ജയരാജ്: സർ, 1996 മുതലുള്ള ഒഴിവുകൾ കണക്കാക്കി ഭിന്നശേഷിക്കാർക്കുള്ള സംവരണം പാലിക്കണമെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി. ഇതിന്റെ അടിസ്ഥാനത്തിൽ വർഷങ്ങളായി എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ നടക്കുന്നില്ല. ഇക്കാര്യത്തിൽ ഏതാണ്ട് എൺപതോളം കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിലുണ്ടായിരുന്നു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇന്നലെ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 4407/ഇ.ബി./2023/നി.സെ. തീയതി 16-03-2023) രേഖയിൽനിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 4407/ഇ.ബി./2023/നി.സെ. തീയതി 16-03-2023) രേഖയിൽനിന്നും നീക്കം ചെയ്തു.

ഒരുത്തരവ് പുറപ്പെടുവിച്ചത് ഏറെ സ്വാഗതാർഹമാണ്. ഇതുമായി ബന്ധപ്പെട്ട് 2018 നവംബർ 18 മുതൽ 2021 നവംബർ 8 വരെ അതായത് സാമൂഹ്യനീതി വകുപ്പും പൊതുവിദ്യാഭ്യാസ വകുപ്പും ഉത്തരവിറക്കിയ കാലയളവിൽ നിയമനം നടത്തിയിട്ടുള്ള അദ്ധ്യാപകർക്ക് താല്ക്കാലികമായി നിയമന അംഗീകാരം കൊടുക്കാനാണ് ഗവൺമെന്റിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുള്ളത്. ഇക്കാര്യത്തിൽ ഗവൺമെന്റ് ആവശ്യമായ ഉത്തരവിറക്കുന്നതോടൊപ്പം 2022-23 കാലഘട്ടങ്ങളിൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനങ്ങളുണ്ടായിട്ടില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഏതാണ്ട് മൂവായിരത്തിയഞ്ഞൂറോളം വേക്കൻസികൾ എല്ലാ വർഷവും എയ്ഡഡ് മേഖലയിലുണ്ടാകുന്നുവെന്നുള്ളത് സർക്കാർതന്നെ കോടതിയെ അറിയിച്ചിട്ടുള്ളതാണ്. ഭിന്നശേഷി സംവരണം ഉറപ്പാക്കുന്നതുവരെ, 1996 മുതലുള്ള ബാക്ക് ലോഗുകൾ കണ്ടെത്തി ആവശ്യമായ ക്രമീകരണം നടത്തുന്നതുവരെ, 2021 നവംബർ 8-നുശേഷമുണ്ടായിട്ടുള്ള ഒഴിവുകളിൽ മാനേജർമാർക്ക് അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാമെന്നാണ് ബഹുമാനപ്പെട്ട കോടതി ഇന്നലെ പുറപ്പെടുവിച്ച

ഉത്തരവിൽ സൂചിപ്പിക്കുന്നത്. അടുത്ത അക്കാദമിക് വർഷം ആരംഭിക്കുകയാണ്. നമ്മുടെ രാജ്യത്ത് കുട്ടികളുടെ അവകാശനിയമം ഉൾപ്പെടെയുള്ള അവകാശ നിയമങ്ങൾ നിലനിൽക്കുമ്പോൾ താല്ക്കാലിക അദ്ധ്യാപകരെ നിയമിച്ചുകൊണ്ട് എയ്ഡഡ് സ്കൂളുകളിലെ പഠന പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത് വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റിയെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട കാര്യമാണ്. വിദ്യാർത്ഥികളുടെ അക്കാദമിക് താല്പര്യങ്ങൾ സംരക്ഷിക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട കോടതിതന്നെ സൂചിപ്പിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 2022-23 വർഷത്തിൽ എയ്ഡഡ് സ്കൂളുകളിൽ നിയമനം നടത്താത്ത സാഹചര്യത്തിൽ, 2021-നുശേഷമുള്ള വേക്കൻസികൾ അടിയന്തരമായി നികത്തുന്നതിന് ഗവൺമെന്റ് കൃത്യമായ ഇടപെടലുണ്ടാക്കി ആവശ്യമായ ഉത്തരവുകൾ നൽകണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. (......ബഹളം.......)

<u>മി. സ്പീക്കർ</u>: ശ്രീ. ടി. ജെ. വിനോദ്, ശ്രീ. എ. കെ. എം. അഷ്റഫ് ബാനർ പിടിക്കുന്നത് ശരിയല്ല. മുഖം മറച്ചുകൊണ്ട് ബാനർ പിടിക്കുന്നത് ശരിയല്ല. (......ബഹളം.......) ശ്രീ. റോജി എം. ജോൺ, ശ്രീ. ടി. ജെ.

വിനോദ് ഈ രീതിയിൽ ബാനർ പിടിക്കുന്നത് ശരിയല്ല. ശ്രീ. എം. വിൻസെന്റ്, ഇത് ശരിയല്ല. ശ്രീ. ടി. ജെ. വിനോദ്, ഇതൊക്കെ എറണാകുളത്തെ ജനങ്ങൾ കാണുന്നുണ്ട്.

ഡോ. എൻ. ജയരാജ്: സർ, നമ്മുടെ സ്കൂളുകളിലെ റിട്ടയർമെന്റ് വേക്കൻസികൾ, പ്രൊമോഷൻ വേക്കൻസികൾ ഉൾപ്പെടെയുള്ള ധാരാളം വേക്കൻസികൾ നിലവിലുണ്ട്. ഈ സാഹചര്യത്തിൽ കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ വളരെ അടിയന്തരമായി റോസ്റ്റർ തയ്യാറാക്കിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പിന്റെ ശക്തമായ ഇടപെടൽ നടത്തിക്കൊണ്ട് 2023-ലെ അക്കാദമിക് വർഷത്തിൽ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ ഭിന്നശേഷിക്കാരായ ആളുകൾ കടന്നുവരുമ്പോൾ അവർക്കാവശ്യമായ വേക്കൻസികൾ മാറ്റിയിട്ടുകൊണ്ട് മറ്റ് വേക്കൻസികളിൽ സ്ഥിരനിയമനം നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ തീർച്ചയായും മികച്ച വിദ്യാഭ്യാസം ലഭിക്കേണ്ടത് കേരളത്തിലെ ഭാവി തലമുറയുടെ അവകാശമാണ്. കോടതി ഉത്തവുമൂലമുണ്ടായ സവിശേഷ സാഹചര്യം മറികടക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പും മാനേജുമെന്റ്

പ്രതിനിധികളുമായി അടിയന്തര യോഗം നടത്തി പൊതുസ്വീകാര്യമായ ഒരു പ്രശ്നപരിഹാര പോംവഴി കണ്ടെത്തി അടുത്ത അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾത്തന്നെ താൽക്കാലിക അടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്കുപകരം അദ്ധ്യാപക തസ്തികകളിൽ സ്ഥിരംനിയമനം നടത്തുന്നതിന് നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, അങ്ങയെ കാണാൻ സാധിക്കുന്നില്ല.... (ബഹളം)....

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, ശ്രീ. എം. വിൻസെന്റ്, ശ്രീ. ടി. ജെ. വിനോദ് ബാനർ പിടിക്കുന്നത് ശരിയല്ല. ഇതൊക്കെ എറണാകുളത്തെ ജനങ്ങൾ കാണുന്നുണ്ട്. ....(ബഹളം)...

ശ്രീ. വി. ശിവൻകുട്ടി: സർ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ 07-02-1996 മുതൽ 18-04-2017 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനവും ഭിന്നശേഷി സംവരണം പാലിക്കണമെന്ന് 18-11-2018-ലെയും 25-06-2022-ലെയും സർക്കാർ ഉത്തരവുകൾ, 28-10-2022-ലെ സർക്കാർ കത്ത്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23-11-2022-ലെ പരിപത്രം എന്നിവ പ്രകാരം നിർദ്ദേശം

നൽകിയിട്ടുണ്ട്. ... (ബഹളം)...

<u>മി.സ്പീക്കർ</u>: ഇങ്ങനെയാണെങ്കിൽ ബാനർ പിടിച്ചയാളുകൾക്കെതിരെ ചെയറിന് ശക്തമായ നടപടി സ്വീകരിക്കേണ്ടി വരും. ...(ബഹളം)...

<u>ശ്രീ. വി. ശിവൻകുട്ടി</u>: ആയതിന്റെ അടിസ്ഥാനത്തിൽ സമന്വയ പോർട്ടൽ മുഖാന്തിരം റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കുവാനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. .... ...(ബഹളം)...

<u>മി. സ്പീക്കർ</u>: ശ്രീ. എ. കെ. എം. അഷ്റഫ് നടപടി വാങ്ങിക്കേണ്ട.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആവശ്യപ്പെട്ടിട്ടും യോഗ്യരായ ഭിന്നശേഷി ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സന്ദർഭത്തിൽ പത്രത്തിൽ പരസ്യം ചെയ്ത് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറുടെ അംഗീകാരത്തോടെ നിയമിക്കാവുന്നതാണെന്ന നിർദ്ദേശവും നൽകിയിരുന്നു.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 19808/2021 നമ്പർ കേസ്സിന്റെ 10-08-2022-ലെ ഉത്തരവ് അനുസരിച്ച് 18-11-2018-നുശേഷം സംജാതമായ

ഒഴിവുകളിൽ നിയമിതരായ ജീവനക്കാരിൽ നിലവിൽ അംഗീകരിക്കപ്പെടാതെ തുടരുന്നവരുടെ നിയമനം ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരുടെ നിയമനം അംഗീകരിക്കുന്ന മുറയ്ക്കുമാത്രമേ അംഗീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നിയമനങ്ങൾ പുനപരിശോധിച്ച് അംഗീകാരം നൽകാവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സർക്കാരിന്റെയും ഉത്തരവുകൾക്ക് വിധേയമായിട്ടാണ് ഭിന്നശേഷി സംവരണം പാലിക്കുന്നതിനുള്ള നടപടി നാളിതുവരെയും സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 07-02-1996 മുതൽ ബാക്ക് ലോഗ് കണക്കാക്കി റോസ്റ്റർ തയ്യാറാക്കി ആയത് സമന്വയ പോർട്ടലിൽ രേഖപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭിന്നശേഷി സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ട് റോസ്റ്റർ തയ്യാറാക്കി നിയമനം നടത്തുന്ന മുറയ്ക്ക് അർഹമായ നിയമനങ്ങൾ അംഗീകരിക്കുന്നതാണ്. ഈ നടപടി സമയം അപഹരിക്കുന്നത് ആയതിനാൽ വിദ്യാർത്ഥികളുടെ അവകാശമായ അടിസ്ഥാന വിദ്യാഭ്യാസം

നൽകുന്നതിനായി അദ്ധ്യാപകരുടെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ നടത്താൻ നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്. ഭിന്നശേഷി സംവരണം പാലിക്കുന്നതുമായി ബന്ധപ്പെട്ട് അദ്ധ്യാപകരില്ലാത്ത സാഹചര്യം നിലവിലില്ല. യോഗ്യരായ അദ്ധ്യാപകരുടെ സാന്നിദ്ധ്യം എല്ലാ സ്കൂളുകളിലും ഉറപ്പാക്കിയിട്ടുണ്ട്.

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന അപ്പീൽ ഹർജികളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 13-03-2023-ന് (ഇന്നലെ) അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായം സർക്കാർ പരിശോധിച്ചുവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഏഴായിരത്തോളം വരുന്ന അദ്ധ്യാപകർക്കാണ് നിയമനം ലഭിക്കേണ്ടത്. ഭിന്നശേഷിക്കാരുടെ കാര്യംകൂടി പരിഗണിച്ചുകൊണ്ട് നിയമനകാര്യത്തിൽ ഒരാഴ്ചയ്ക്കകം തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുകയാണ്.

ഡോ. എൻ. ജയരാജ്: സർ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് 8-11-2021-നുശേഷം ഉണ്ടാകുന്ന വേക്കൻസികൾ താൽക്കാലികമായി മാനേജർമാർക്ക് അദ്ധ്യാപകരെ നിയമിക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. വരാൻ പോകുന്ന അക്കാദമിക വർഷത്തിൽ

8-11-2021-നശേഷം ഉണ്ടായിട്ടുള്ള വേക്കൻസികളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനാവശ്യമായ നിർദ്ദേശം/ഉത്തരവ് മാനേജ്മെന്റുകൾക്ക് ഗവൺമെന്റ് നൽകുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ ആയിരക്കണക്കിന് വരുന്ന രക്ഷാകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പ്രശ്നം ചൂണ്ടിക്കാണിക്കുന്നതിനെയാണ് ഇവർ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കാതെ 18-11-2018-നശേഷമുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകരുതെന്ന സിംഗിൽ ബഞ്ചിന്റെ വിധിയിൽ ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഭേദഗതി വരുത്തി 18-11-2018-നും 8-11-2021-നും ഇടയിലുള്ള ഒഴിവുകളിൽ ഭിന്നശേഷികാർക്ക് സംവരണം നൽകാതെ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ഇവർക്ക് താൽക്കാലികമായി അംഗീകാരം നൽകണമെന്നും ഭിന്നശേഷിക്കാരിൽ യോഗ്യതയുള്ള വ്യക്തികൾക്ക് നിയമനം നൽകുന്നതുവരെ ഇവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകേണ്ടതായിട്ടുമുണ്ട്. ഭിന്നശേഷി വിഭാഗത്തിൽനിന്ന് മതിയായ യോഗ്യതയുള്ള വ്യക്തി എത്തിയില്ലെങ്കിൽ താൽക്കാലിക അംഗീകാരം

ലഭിച്ചവരെ സ്ഥിരപ്പെടുത്തണം. യോഗ്യതയുള്ള വ്യക്തി എത്തിയാൽ താൽക്കാലിക നിയമനം ലഭിച്ചവരെ അടുത്തുവരുന്ന ഒഴിവിലേയ്ക്കോ അതേ മാനേജ്മെന്റിന്റെ കീഴിലുള്ള മറ്റു സ്കൂളുകളിലുള്ള ഒഴിവുകളിലേയ്ക്കോ പരിഗണിക്കപ്പെടാം. 8-11-2021-നുശേഷമുള്ള ഒഴിവുകൾ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുവരെ മാനേജർമാർക്ക് അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാം. സ്കൂൾ മാനേജർമാരും നിയമനം ലഭിച്ച അദ്ധ്യാപകരുമടക്കം നൽകിയ എൺപതോളം അപ്പീലുകൾ തീർപ്പാക്കിയ ജസ്റ്റിസ് പി. ബി. സുരേഷ് കുമാർ, ജസ്റ്റിസ് സി. എസ്. സുധ എന്നിവരും വിധി പറഞ്ഞിട്ടുള്ളത്. കോടതിയുടെ ഈ വിധിപ്രകാരം ഏഴായിരത്തോളം വരുന്ന അദ്ധ്യാപകർക്കാണ് ആനുകൂല്യം ലഭിക്കുന്നത്. പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിശദമായ സർക്കാർ ഉത്തരവ് ഒരാഴ്ചയ്ക്കകം പുറപ്പെടുവിക്കുന്നതാണ്.

(ശ്രീ. റോജി എം. ജോൺ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)